അതിന്റെ പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇതെല്ലാം നേരത്തെ പറഞ്ഞതുപോലെ സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ജനങ്ങൾ ആശ്രയിക്കുന്ന കൂടിവെള്ള പദ്ധതി..... ഇപ്പോൾതന്നെ കൊച്ചി മേഖല കൂടിവെള്ളത്തിന്റെ കാര്യത്തിൽ നട്ടം തിരിയുകയാണ്... നിലനിൽക്കുന്ന സ്ഥലത്ത് ഉപ്പുവെള്ളം കയറാതിരിക്കാൻ വേണ്ടിയാണ് ഈ നടപടികൾ സ്വീകരിക്കുന്നത്. പക്ഷെ പെരിയാറിനെ സംബന്ധിച്ചിടത്തോളമുള്ള പ്രശ്നങ്ങൾ ഇവിടെ ജില്ലാ ഭരണകൂടം ചർച്ചചെയ്ത് വിശദമായ പഠനങ്ങൾ നടത്തി സംസ്ഥാന ഗവൺമെന്റ് വഴി കേന്ദ്ര ഗവൺമെന്റിന് പദ്ധതി സമർപ്പിക്കുകയുണ്ടായി. ഈ പദ്ധതി അനുസരിച്ച് കേരളത്തിലെ നദികൾക്ക് ന്യായമായി ലഭിക്കേണ്ട സഹായത്തിൽ കേരളത്തിലെ പെരിയാറിനാണ് ഏറ്റവും മുൻഗണന. അത് വാങ്ങിയെടുക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് വളരെ താൽപ്പര്യമെടുത്തുകൊണ്ട് നടപടി സ്വീകരിക്കുമോ എന്നാണ് എനിക്ക് അറിയേണ്ടത്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ സംസ്ഥാന ഗവൺമെന്റ് നടപടിയെടുക്കാത്തതിന്റെ പ്രശ്നമല്ല. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഏത് സ്കീം ഉണ്ടെങ്കിലും ആ സ്കീമിൽ സുപ്രധാനമായ ഒരു പങ്ക് സംസ്ഥാന ഗവൺമെന്റിന് കിട്ടാറുണ്ട്. അത് അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ കേന്ദ്ര ഗവൺമെന്റിൽ പുതിയ എന്തെങ്കിലും പദ്ധതികൾ വന്നിട്ടുണ്ടെങ്കിൽ അതിൽ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തും. നേരത്തെ പാതാളത്തെ പ്രോജക്ടിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. പാതാളത്തെ പ്രോജക്ടിന് ടെൻഡർ കമ്മിറ്റിയുടെ അപ്രൂവൽ കിട്ടാത്ത താമസമുണ്ട്. കിട്ടിക്കഴിഞ്ഞാൽ അതിന്റെ നടപടികളിലേക്ക് പോകുന്നതാണ്.

IV. സബ്മിഷൻ

(1) ഭൂജല നിയന്ത്രണ ആക്ട് 2002 അനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്യുതാനന്ദൻ): സർ, കേരളത്തിലെ 2 പ്രദേശങ്ങളിലാണ് വെള്ളം ഓവർ എക്സ്പ്ലോയിറ്റ് ചെയ്യുന്നതെന്ന് ഗവൺമെന്റ് തന്നെ രൂപവൽക്കരിച്ച The Dynamic Ground Water Resources of Kerala എന്ന സ്ഥാപനം അതുസംബന്ധിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള റിപ്പോർട്ടിൽ പറയുന്നു. അങ്ങനെ over exploited ആയിട്ട് പ്ലാച്ചിമടയിലെ വെള്ളം ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു എന്ന് ആ കമ്മിറ്റി ഇതിനകം പ്രഖ്യാപിച്ചു കഴിഞ്ഞു. കേരള ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് രൂപവൽക്കരിച്ച കമ്മിറ്റിയാണ് ദീർഘകാലത്തെ പഠനത്തിനുശേഷം ഈ റിപ്പോർട്ട് സമർപ്പിച്ചത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്ലാച്ചിമടയിൽ ഓവർ എക്സ്പ്ലോയിറ്റഡായിട്ട് വെള്ളം ചൂഷണം ചെയ്യുകയാണെന്ന് ആ കമ്മിറ്റിയുടെ പഠനത്തിൽ തെളിഞ്ഞിരിക്കുകയാണ്. അങ്ങനെ റിപ്പോർട്ട് വന്നതിനുശേഷം ഇപ്പോൾ 4

LIBRARY ARCHIVES Kerala Legislative Assembly

മാസമായിട്ടും ആ പ്രദേശത്തെ ആ കുത്തക കമ്പനിയുടെ വെള്ളം ഊറ്റലിനെ ഇതു വരെ ഗവൺമെന്റ് തടഞ്ഞിട്ടില്ല. നിയമവിരുദ്ധമായിട്ട് ഇപ്പോഴും വെള്ളം ഊറ്റി കൊണ്ടി രിക്കുന്നത് ഗവൺമെൻറ് എന്തുകൊണ്ടാണ് തടയാതിരുന്നത് എന്നുള്ളത് വ്യക്തമാക്കേ ണ്ടതായിട്ടുണ്ട്. അതുപോലെത്തന്നെ കേരളത്തിൽ 152 ബ്ലോക്കുകൾ ഉണ്ട്. ആ 152 ബ്ലോക്കുകളിൽ ഈ പഠന റിപ്പോർട്ടിൽ വന്നിരിക്കുന്നത് 151 എണ്ണമേയുള്ളൂ. മലമ്പുഴ ബ്ലോക്ക് ഇതിൽപ്പെടുന്നില്ല. പെപ്സി-കോള കമ്പനി സ്ഥിതി ചെയ്യുന്ന പുതുശ്ശേരി ഉൾക്കൊള്ളുന്നത് ഈ മലമ്പുഴ ബ്ലോക്കിലാണ്. അപ്പോൾ വെള്ളം ഊറ്റുന്ന പെപ്സി-കോള കമ്പനിയെ രക്ഷിക്കാൻ വേണ്ടി ഈ പഠന റിപ്പോർട്ടുകാർ മലമ്പുഴ ബ്ലോക്കിനെതന്നെ, കേരളത്തിൽ 152 ബ്ലോക്ക് ഉണ്ടെന്നിരിക്കെ ഈ പഠന റിപ്പോർട്ടിൽ 151 ബ്ലോക്ക് മാത്രമേ കാണിച്ചിട്ടുള്ളൂ. അതിലൊന്ന് മലമ്പുഴ ബ്ലോക്കാണ്. ആ മലമ്പുഴ ബ്ലോക്കിലാണ് പെപ്സി-കോള കമ്പനി വെള്ളം ഊറ്റ് നടത്തിക്കൊണ്ടിരിക്കുന്നത്. നാല ഞ്ചുകൊല്ലമായി ഈ വെള്ളം ഊറ്റലിന്റെ ഫലമായി സമീപപ്രദേശത്തെ ജനങ്ങൾക്ക് കുടിക്കാൻ വെള്ളമില്ലാതെ നിത്യേനയെന്നോണം പ്രക്ഷോഭണം, സംസ്ഥാന വ്യാപകമായും ദേശ വ്യാപകമായും ഉയർന്നതിനൊക്കെ ശേഷമാണ് കേരള ഹൈക്കോടതി ഇതുസംബന്ധി ച്ചുള്ള കേസിൽ വിശദമായ ഒരു പഠനം നടത്തണമെന്ന് പറയുകയും സംസ്ഥാന-കേന്ദ്രഗവൺമെന്റിന്റെ പ്രതിനിധികൾ അടങ്ങുന്ന ഒരു കമ്മിറ്റി പഠിച്ച് വിശദമായി റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. ഓവർ എക്സ്പ്ലോയിറ്റ്ഡ് ആയിട്ടുള്ള പ്രദേശങ്ങൾ എന്ന് പറയുന്നതിൽ ചിറ്റൂർ പ്രദേശമടക്കം 5 മേഖലകളാണ് ഉള്ളത്. അതിൽ പറയുന്ന പ്രദേശങ്ങളിലൊന്നാണ് പ്ലാച്ചിമട. മറ്റൊന്ന് പുതുശ്ശേരിയിലെ പെപ്സി-കോള ഉൽപ്പാദി പ്പിക്കുന്ന പ്രദേശം. അപ്പോൾ ഈ രണ്ടു പ്രദേശങ്ങളിലേയും വെള്ളം ഊറ്റൽ ഈ പഠ നറിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നിയമവിരുദ്ധമാണെന്ന് വ്യക്തമാക്കിക്കഴിഞ്ഞു. എന്നിട്ടും അത് സംബന്ധിച്ച് ഗവൺമെന്റ് എന്തുകൊണ്ടാണ് ഇതുവരെ നടപടി സ്വീകരി ക്കാതിരിക്കുന്നതെന്ന് വ്യക്തമാക്കണം. അതുപോലെതന്നെ പെപ്സി-കോള കമ്പനിയെ ഒഴിവാക്കാൻ വേണ്ടിയിട്ട് ഒരു ബ്ലോക്കിനെത്തന്നെ കേരളത്തിൽ നിന്ന് പഠന റിപ്പോർട്ടു കാർ ഒഴിവാക്കിയ കാരണമെന്താണെന്ന് അന്വേഷിച്ച് സഭയെ അറിയിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇത് കേരളത്തിന്റെ പൊതുവായ കാര്യമായതുകൊണ്ട് ഈ കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എടുക്കുന്നനിലപാടിനോട് ഗവൺമെന്റ് ഒരു വിയോജിപ്പും പറയുന്നില്ല. നമ്മുടെ ഭൂഗർഭജലം സംരക്ഷിക്കുന്ന തിനുള്ള കമിറ്റ്മെന്റോടുകൂടി മുമ്പോട്ട് പോകണം. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ തന്നെ ഈ കാര്യത്തിൽ ഒരു നിലപാട് എടുത്ത് പോകണം എന്നുള്ള നിലയിലാണ് ഞങ്ങളിതുവരെ പ്രവർത്തിച്ചുവന്നത്. പക്ഷെ ഭൂഗർഭ ജലം ചൂഷണം ചെയ്യുന്നതിന് ഇടയായ അന്നത്തെ സാഹചര്യം എന്തെന്ന് ഞാൻ വിശദീകരിക്കുന്നില്ല. അങ്ങേയ്ക്കു തന്നെ അറിയാവുന്ന ഒരു കാര്യമാണ്. ഇതിന് അന്ന് ലൈസൻസ് കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സമയത്ത് നമ്മൾ അതിനാവശ്യമായ കാര്യങ്ങൾ എന്തെന്നൊക്കെ നോക്കി ഒരു ഗൃഹപാഠം നടത്തിയിരുന്നു. അതൊക്കെ അന്നത്തെ കാര്യങ്ങളാണ്. പക്ഷെ പഴയ കാര്യങ്ങൾ പറഞ്ഞ് നിലവിലുള്ള സാഹചര്യങ്ങൾ ഞാൻ ചെറുതാക്കാൻ ആഗ്രഹിക്കുന്നില്ല. അങ്ങ് പറഞ്ഞ പോയന്റിൽതന്നെയാണ് നിൽക്കുന്നത്. അപ്പോൾ അങ്ങിവിടെ സൂചിപ്പിച്ചതുപോലെ ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റിയുടെ 2004-ലെ റിപ്പോർട്ടിലാണ് Over Exploited, Critical, Semi-Critical; Safe എന്ന് നാലായി നമ്മുടെ ബ്ലോക്കുകളെ തരംതിരിച്ചത്..... അങ്ങ് ഇപ്പോൾ പറഞ്ഞ 152-ൽ 151 ബ്ലോക്ക് വരെ എത്തി എന്നുള്ളത് ശരിയാണ്. അതിൽ ഒരു ബ്ലോക്ക് എന്തുകൊണ്ട് വിട്ടുപോയി എന്നത് അങ്ങ് ഇപ്പോൾ ഉന്നയിച്ച ഗൗരവബുദ്ധിയോടുകൂടി തന്നെ ഗവൺമെന്റ് ആ സാഹചര്യം ഉണ്ടായതെങ്ങനെ എന്നതിനെപ്പറ്റി പരിശോധിക്കുന്നതാണ്. ഇപ്പോൾ അങ്ങ് പറഞ്ഞതനുസരിച്ച് തിരുവനന്തപുരത്തെ അതിയന്നൂർ, കൊടുങ്ങല്ലൂർ, പിറ്റൂർ, കോഴിക്കോട്, കാസർഗോഡ് എന്നീ 5 ബ്ലോക്കുകളാണ് ഓവർ എക്സ്പ്ലോയിറ്റഡ് ഏരിയയായി ഐഡന്റിഫൈ ചെയ്തിട്ടുള്ളത്. ഈ ഓവർ എക്സ്പ്ലോയിറ്റഡ് ആയിട്ടുള്ള സ്ഥലങ്ങൾ നോട്ടിഫൈ ചെയ്യണം എന്ന നിബന്ധനയുണ്ടായിരുന്നു. 2005 നവംബർ 19-ാം തീയതി ഇവിടെ ഇതുസംബന്ധിച്ച നോട്ടിഫിക്കേഷൻ ഗവൺമെൻറ് ഇറക്കിയിട്ടുണ്ട്. ഈ നോട്ടിഫിക്കേഷൻ ഇറക്കാനുള്ള കാര്യത്തിൽ അങ്ങയുടെ സംഭാവനകളും അങ്ങയുടെ പ്രേരണയും, ഞാൻ അതിനെയൊന്നും കുറച്ച് കാണിക്കുന്നില്ല. അങ്ങും ഈ നോട്ടിഫിക്കേഷൻ ഇറക്കാൻ വേണ്ടി തന്ന കത്തും, അതു സംബന്ധിച്ച് അങ്ങ് എന്നോട് നേരിട്ട് സംസാരിച്ചതുമൊക്കെ വളരെ ബഹുമാനപൂർവ്വം ഞാൻ ഉൾക്കൊള്ളുന്നുണ്ട്. ഗവൺമെന്റും അതുകൂടി ഉൾക്കൊണ്ടു കൊണ്ടാണ് ഈ നടപടികളിലേയ്ക്ക് പോയത്. ഇപ്പോൾ അതിനകത്ത് ഒരു ചെറിയ പ്രശ്നം ഉണ്ട്. ഇപ്പോൾ ഒന്നര എച്ച്.പി.മോട്ടോർ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഓപ്പൺവെൽ-വീടുകളിൽ ഉപയോഗിക്കുന്നത്, ഡൊമസ്റ്റിക് പർപ്പസിനുവേണ്ടിയുള്ള ഓപ്പൺവെൽ. രണ്ടാമത്തേത് വ്യവസായം അടക്കം നമ്മുടെ ചാരിറ്റബിൾ പർപ്പസിനുവേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന Non-domestic connections. ഈ രണ്ടിനെയും ഒഴിവാക്കാൻ കഴിയുന്നില്ലായെങ്കിൽ ദൂരവ്യാപകമായ ബുദ്ധിമുട്ടുകൾ ഈ നാട്ടിലെ സാധുക്കൾക്ക് ഉണ്ടാകുമോയെന്ന് ഗവൺമെൻറ് ശങ്കിക്കുകയാണ്. അതുകൊണ്ട് ഈ നോട്ടിഫിക്കേഷനകത്ത് വെള്ളം raw-material ആയി ഉപയോഗിക്കുന്ന, ഇൻഡസ്ട്രിയൽ പർപ്പസിനു വിനിയോഗിക്കുന്നതിനെ ഫലപ്രദമായി തടയുന്നതായിരിക്കും ഉചിതം എന്ന ഒരു ഉപദേശം ഗവൺമെന്റിന് കിട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള ചെറിയ മാറ്റങ്ങൾ വരുത്തിയപ്പോഴാണ് ഈ ചെറിയ കാലവിളംബം വന്നിട്ടുള്ളത്. അങ്ങ് പറഞ്ഞ ഈ കാര്യങ്ങൾ വളരെ ഗൗരവബുദ്ധിയോടെ നോക്കും. അങ്ങ് കേരളത്തിന്റെ ഭാവി നോക്കാതെ, എന്നു ഞാൻ പറയുന്നില്ല, വേണ്ടത്ര വിധത്തിൽ പരിഗണിക്കാതെ കാണിച്ച ഒരു എടുത്തുചാട്ടം, പിന്നീട് കേരളം അനുഭവിക്കേണ്ടിവന്ന ഈ ദുരന്തത്തിൽ വന്നുപെട്ടു എന്നുള്ളതിന്റെ ഏറ്റവും വലിയ ഒരു ഉദാഹരണമാണ് പാലക്കാട്. നമ്മുടെ പൊതുവായ നടപടിയായി മനസ്സിലാക്കി ഇത് ഭംഗിയായി മുന്നോട്ട്

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുപോകാം. ..... (ബഹളം) ..... കണ്ണൂർ പറശ്ശിനിക്കടവ് അടക്കമായിരിക്കുമല്ലോ അദ്ദേഹം എന്നോട് നടപടി എടുക്കാമായിട്ട് പറഞ്ഞത്. ആ റാട്ടർ തീം പാർക്ക് അടക്കമുള്ള ഏത് കാര്യത്തെക്കുറിച്ചാണെങ്കിലും വെള്ളം ദുരുപയോഗപ്പെടുത്താതിരിക്കാനുള്ള നടപടി ഗവൺമെന്റ് നിശ്ചയമായും എടുക്കും, ഞാനതിനകത്ത് ഏതെങ്കിലും ഒരു ഭാഗത്തെ അനുകൂലിക്കുകയോ, പ്രതികൂലിക്കുകയോ അല്ല.

(2) സംസ്ഥാനത്തെ കർഷകർക്ക് സൗജന്യ വൈദ്യുതി

ശ്രീ. കെ. അച്ചുതൻ: സർ, കേരളത്തിലെ മുഴുവൻ കർഷകർക്കും ഇലക്ട്രിസിറ്റി സൗജന്യമാക്കണമെന്നതാണ് എന്റെ ആവശ്യം. മഹാരാഷ്ട്ര, കർണ്ണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട് തുടങ്ങിയ എല്ലാ സംസ്ഥാനങ്ങളിലും കർഷകർക്ക് പരിപൂർണ്ണമായി വൈദ്യുതി സൗജന്യമാണ്. കേരളത്തിലെ നെൽ കർഷകർക്ക് പൂർണ്ണമായും വൈദ്യുതി സൗജന്യമുണ്ട്. 5 ഏക്കർവരെയുള്ള കേര കർഷകർക്ക് വൈദ്യുതി സൗജന്യമുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾതന്നെ മുഴുവൻ കർഷകർക്കും സൗജന്യ വൈദ്യുതി നൽകാമെന്ന് തത്വത്തിൽ അംഗീകരിച്ചതാണ്. പക്ഷേ ഇതുവരെ അതിനുള്ള നടപടിയായിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിൽ 4000-ത്തോളം മോട്ടോറുകൾ പ്രവർത്തിക്കുന്നുണ്ട്. 1000 അടി താഴെനിന്നാണ് വെള്ളം പമ്പ് ചെയ്ത് ഓപ്പൺ വെല്ലിൽ ഇട്ട് അവിടെ നിന്ന് ഒരു മണിക്കൂർ അരമണിക്കൂർ എന്നിങ്ങനെ വെള്ളം പമ്പ് ചെയ്യുന്നത്. അവിടെ തുടർച്ചയായി 3 വർഷം കൊണ്ട് വരൾച്ചയാണ്. അവിടെ 9 വർഷമായി ആളുകൾ ഇലക്ട്രിസിറ്റി ചാർജ്ജ് അടയ്ക്കുന്നില്ല. അടയ്ക്കാൻ കഴിവില്ലാത്തതുകൊണ്ടാണ് അടയ്ക്കാത്തത്. ഇപ്പോഴാണെങ്കിൽ ചില ആളുകളുടെ ഇലക്ട്രിസിറ്റി കണക്ഷൻ ഡിസ്കണക്ട് ചെയ്തു. അത് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് താൽക്കാലികമായെങ്കിലും അത് നിർത്തിയിട്ടുണ്ട്. എങ്കിലും ഇക്കാര്യത്തെക്കുറിച്ച് സഭ ഗൗരവമായി ചർച്ച ചെയ്ത് കേരളത്തിലെ മുഴുവൻ കർഷകർക്കും ഇലക്ട്രിസിറ്റി സൗജന്യമാക്കാനുള്ള നടപടി ഉണ്ടാകണം.

തമിഴ്നാട്ടിൽ സൗജന്യമായി വൈദ്യുതി കൊടുത്തു. പിന്നെ അത് എടുത്ത് കളഞ്ഞപ്പോൾ പാർലമെന്റ്. ഇലക്ഷനിൽ 40 സീറ്റിലും ശ്രീമതി ജയലളിത തോറ്റുപോയി. അങ്ങനെ 40 സീറ്റിലും തോറ്റപ്പോൾ വീണ്ടും കർഷകർക്ക് വൈദ്യുതി സൗജന്യം കൊടുക്കാൻ തുടങ്ങി. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഒന്നേയുള്ളു. ഇപ്പോൾ തമിഴ്നാട്ടിൽ പരിപൂർണ്ണമായി വൈദ്യുതി സൗജന്യം കൊടുക്കുകയാണ്. ഇവിടെ ഇരുമ്പുരുക്കുപോലുള്ള ഫാക്ടറികൾക്ക് ഹൈടെക് എന്നു പറയുന്ന കമ്പനി പുതുശ്ശേരിയിൽ 24 കോടി രൂപയാണ് ഇലക്ട്രിസിറ്റി ചാർജ്ജ് നൽകാനുള്ളത്. അവർ നാലുകൊല്ലമായി ആ കമ്പനി പൂട്ടി നാടുവിട്ടുപോയി. അവർക്കെതിരെ ഒരു നയാപൈസ ഈടാക്കാനുള്ള നടപടിയില്ല. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്താണ് ഹൈടെക്കിന് ഇത് കൊടുത്തത്. ഈ ഗവൺമെന്റ് വന്നതിനുശേഷം അത് ഈടാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

നോക്കിയപ്പോൾ കമ്പനി പൂട്ടി അവർ സ്ഥലംവിട്ടുപോയി. ഒരു നയാപൈസ ഈടാക്കാൻ വഴിയില്ല. കേരളത്തിലെ മുഴുവൻ കർഷകർക്കും ഇലക്ട്രിസിറ്റി സൗജന്യമായി കൊടുത്താൽ 5 കോടി രൂപയിൽ താഴെയേ വരികയുള്ളൂ. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ദയവുചെയ്ത് തൽക്കാലം മോട്ടോർ പമ്പ് ഡിസ്കണക്ട് ചെയ്യുന്നത് നിർത്തിവെയ്ക്കുക, അതിനുശേഷം മുഴുവൻ കർഷകർക്കും സൗജന്യമായി വൈദ്യുതി നൽകുന്ന കാര്യത്തെക്കുറിച്ച് വളരെ ഗൗരവപൂർവ്വം ആലോചിക്കണമെന്നാണ്. പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ് ആണെങ്കിൽ കർഷകർക്ക് സഹായം ചെയ്യുന്ന പദ്ധതികൾ പലതും നടപ്പിലാക്കണമെന്നാവശ്യപ്പെടുന്ന സാഹചര്യത്തിൽ ഈ ഗവൺമെന്റ് അത് ചെയ്യുമെന്ന പ്രതീക്ഷയോടെ നിർത്തുന്നു, നമസ്ക്കാരം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): നെൽകർഷകർക്ക് മുപരിധിയില്ലാതെയും മറ്റുവിളകൾക്ക് രണ്ട് ഹെക്ടർ വരെയും പരിധി നിശ്ചയിച്ച് ഇന്ന് ഇലക്ട്രിസിറ്റി സൗജന്യമായി കൊടുക്കുന്നുണ്ട്. ഇതുപ്രകാരം മെമ്പർ പറഞ്ഞതു പോലെയല്ല, 15 കോടിയോളം രൂപ ഇന്ന് ആവശ്യമായി വന്നിരിക്കുകയാണ്. അതിൽ വളരെയധികം പണം കൊടുക്കാതെ വന്നതിന്റെ ഫലമായി ഇലക്ട്രിസിറ്റി ബോർഡ് കണക്ഷൻ വിഛേദിച്ച് തുടങ്ങിയതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഒരു കൊല്ലംമാത്രം 43.15 കോടി രൂപ ഇലക്ട്രിസിറ്റി ഡ്യൂട്ടിയായി കൊടുത്തു. ഇന്ന് കേരളത്തിലെ കർഷകർക്ക് നിയമംമൂലം മുപരിധി നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ പറയുന്ന ലിസ്റ്റിൽ എതാണ്ട് 80 ശതമാനത്തോളം കൃഷിക്കാർക്കും ഇലക്ട്രിസിറ്റി സൗജന്യം കൊടുക്കുന്നുണ്ട്. ഗവൺമെന്റിന്റെ ബഡ്ജറ്റിൽ കൊള്ളിക്കുന്നത് വെറും മുന്നുകോടി രൂപയാണ്. കഴിഞ്ഞ കൊല്ലം റീ-അപ്രോപ്രിയേറ്റ് ചെയ്താണ് 43.15 കോടി രൂപ കൂടിശ്ശിക കൊടുക്കാൻ കഴിഞ്ഞത്. ഇത് മുഴുവൻപേർക്കും വന്നാൽ ആണ്ടിൽ 30 കോടി രൂപ വേണ്ടിവരും. അതാണ് ഇന്നത്തെ സ്ഥിതി. മുഴുവൻ കൃഷിക്കാർക്കും സൗജന്യം കൊടുക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ഒരു തീരുമാനം എടുത്തിട്ടില്ല. കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇതിനുള്ള സഹായം കിട്ടുകയാണെങ്കിൽ ഗവൺമെന്റ് അപ്പോൾ പരിഗണിക്കുന്നതാണ്.

(3) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ഞെളിയൻ പറമ്പിലെ മാലിന്യ നിക്ഷേപം

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ എന്റെ മണ്ഡലത്തിൽ ചെറുവണ്ണൂർ പഞ്ചായത്തിലെ ഞെളിയൻപറമ്പ് എന്ന സ്ഥലത്താണ് കോഴിക്കോട് കോർപ്പറേഷന്റെ ചണ്ടികളെല്ലാം കൊണ്ടുവന്ന് നിക്ഷേപിക്കുന്നത്. ചണ്ടി നിക്ഷേപിക്കുന്നതുകാരണം ആ പരിസരത്ത് വെള്ളം, വായു ഇവയെല്ലാം മലിനമാവുകയാണ്. ആ പ്രദേശത്തെ ജനങ്ങൾ സാമൂഹ്യമായിത്തന്നെ ഒറ്റപ്പെട്ടിരിക്കുകയാണ്. അങ്ങനെയുള്ള സന്ദർഭത്തിലാണ് കഴിഞ്ഞ മാർച്ചിൽ ഇവിടെയുള്ള ആളുകൾ ഒന്നിച്ച് സമരത്തിനിറങ്ങി ചണ്ടി അവിടെ നിക്ഷേപിക്കുന്നത് തടഞ്ഞത്. മാർച്ച് 18-ാം തീയതി ഗവൺമെന്റ് അന്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് വകുപ്പിന്റെ ചുമതല വഹിക്കുന്ന വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഒരു യോഗം വിളിച്ച് ചേർത്ത് ചില തീരുമാനങ്ങളെടുത്തു. ഇപ്പോഴുള്ള സ്ഥലത്തുനിന്നും മാലിന്യ സംസ്ക്കരണ പ്ലാന്റ് മാറ്റുന്നത് സംബന്ധിച്ച് ആലോചിക്കണം, അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അന്ന് തീരുമാനമുണ്ടായി. നിലവിലുള്ള പ്ലാന്റിന്റെ നടത്തിപ്പും സാങ്കേതിക പരിമിതികളും മറ്റു കാര്യങ്ങളുമൊക്കെ പരിശോധിക്കാനും ഒരു കമ്മിറ്റിയെ നിയോഗിക്കാൻ തീരുമാനിച്ചു. അതിനുവേണ്ടി പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ആളുകൾ, കോർപ്പറേഷൻ സെക്രട്ടറി, കളക്ടർ തുടങ്ങിയവർ ഉൾപ്പെട്ട ഒരു കമ്മിറ്റിയെ നിയോഗിച്ചു. അതിന്റെ പ്രവർത്തനം പരിശോധിച്ച് മൂന്നുമാസം കൂടുമ്പോൾ ഗവൺമെന്റിന് റിപ്പോർട്ട് നൽകാനും മറ്റു നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചുവെങ്കിലും അതിനുശേഷം യാതൊരു നടപടിയും നടന്നില്ല. ഇത് ഇങ്ങനെ തുടർന്നുകൊണ്ടിരിക്കുന്നു. ഗവൺമെന്റിന്റെ കമ്മിറ്റി പ്രവർത്തിച്ചില്ല. വേറെ ഒരു നടപടിയും നടന്നിട്ടില്ല, അവിടെ അന്ന് തീരുമാനിച്ച ഒരു കാര്യവും നടന്നില്ല. അത് നടക്കാത്തതിന്റെ ഫലമായി ഇപ്പോൾ കഴിഞ്ഞ ജനുവരി 27-ാം തീയതി ചണ്ടികൾ കൂമ്പാരമായി കിടക്കുന്നത് തീപിടിച്ചു. അതിൽ നിന്നും വിഷപ്പുകയാണ് വമിക്കുന്നത്. അത് ശ്വസിച്ച് ബോധംകെട്ട് 14 പേരെ കോഴിക്കോട് ബീച്ച് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യേണ്ടിവന്നു. പുക ക്രമാതീതമായി വർദ്ധിച്ചപ്പോൾ ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ അവിടെ പരിശോധിച്ച് മാത്രികാലങ്ങളിൽ ആളുകൾ വീടുകളിൽ കിടന്നുറങ്ങുന്നത് അപകടമാണ്, ഈ പുക ശ്വസിച്ചാൽ ബോധംകെട്ട് ഇവരുടെ ജീവൻ തന്നെ നഷ്ടപ്പെടാനിടവരുമെന്നു പറഞ്ഞു. അങ്ങനെ ആളുകളെയൊക്കെ അവിടെ നിന്നും മാറ്റി താമസിപ്പിക്കേണ്ടിവന്നു. അങ്ങനെ 24 കുടുംബങ്ങളെ ആറുമാസമായി വേറെ ക്യാമ്പിൽ താമസിപ്പിച്ചിരിക്കുകയാണ്. തുടർച്ചയായി അവിടെ ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ആളുകൾ സമരത്തിലാണ്. ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ അടിയന്തിര നടപടിയുണ്ടാകണം. ഗവൺമെന്റ് എടുത്ത തീരുമാനം നടപ്പിലാക്കണം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. വി. കെ. സി. മമ്മത്കോയ ഉന്നയിച്ചത് വളരെ ഗുരുതരമായ ഒരു പ്രശ്നമാണ്. കോഴിക്കോട് കോർപ്പറേഷനിൽ ചെറുവണ്ണൂർ നല്ലളം പഞ്ചായത്തിലെ ഞെളിയൻ പറമ്പിലുള്ള മാലിന്യ നിക്ഷേപ കേന്ദ്രത്തിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതുകൊണ്ട് ആ പ്രദേശത്തുള്ള ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ബഹുമാനപ്പെട്ട വി. കെ. സി. തന്നെ ആവശ്യപ്പെട്ടതനുസരിച്ച് അന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ചാർജ്ജുള്ള വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ കാര്യം ചർച്ച ചെയ്യാൻ ഒരു യോഗം വിളിച്ചു കൂട്ടി. മാലിന്യ നിർമ്മാർജ്ജനകേന്ദ്രം ഞെളിയൻപറമ്പിൽ നിന്നും മാറ്റുന്നതിനാണ് പഞ്ചായത്ത് പ്രതിനിധികളും സ്ഥലവാസികളും ആവശ്യപ്പെട്ടത്. ബദൽ സ്ഥലം കണ്ടുപിടിക്കുന്നതിന് കോർപ്പറേഷന്റെ പരിമിതികൾ അവർ ചൂണ്ടിക്കാണിച്ചു. എന്നാൽ മാലിന്യ നിക്ഷേപംമൂലം തദ്ദേശവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കുന്നതിന് പരമാവധി ശ്രമിക്കുന്നതാണെന്ന് അവർ ഉറപ്പു നൽകി. തുടർന്ന് ദീർഘമായ ചർച്ചകൾക്കുശേഷം ഏടുത്ത തീരുമാനങ്ങളിലൊന്ന് കോഴിക്കോട് നഗരസഭ ബദൽ സ്ഥലം കണ്ടെത്തുന്നതിന് കോഴിക്കോട് നഗരവികസന അതോറിറ്റിയുടെ സഹായം തേടണമെന്നാണ്. അതിനുശേഷം ഇതിനുവേണ്ടി വളരെയധികം ശ്രമങ്ങൾ നടന്നിട്ടുണ്ട്. അദ്ദേഹം ഒന്നും നടന്നില്ലെന്നു പറയുന്നത് ശരിയല്ല. കോഴിക്കോട് നഗരവികസന അതോറിറ്റി മാവൂർ പഞ്ചായത്തിൽ റീസർവ്വെ നമ്പർ 23/6-ൽ നൂറ് ഏക്കറോളം സ്ഥലം പ്രാഥമികാന്വേഷണത്തിൽ കണ്ടെത്തുകയും ആ സ്ഥലം മാലിന്യ നിർമ്മാർജ്ജനത്തിന് അനുയോജ്യമാണോയെന്ന് അറിയിക്കാൻ കോർപ്പറേഷൻ പൊല്യൂഷൻ കൺട്രോൾ ബോർഡിനോട് ആവശ്യപ്പെടുകയും ചെയ്തു. പക്ഷെ അവിടെയും സമീപവാസികൾ ഇതിനിടെ റോഡെന്നുള്ള ആവശ്യവുമായി, സമരവുമായി മുന്നോട്ട് വന്നിരിക്കുകയാണ്. അതേസമയം ഞെളിയൻപറമ്പിന് ചുറ്റുമുള്ള ആളുകളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കോഴിക്കോട് നഗരസഭ ശ്രമങ്ങൾ നടത്തിവരുന്നു എന്ന് അറിയിക്കുകയുണ്ടായി. ശുദ്ധജലം എത്തിക്കുന്നതിന് കോർപ്പറേഷൻ സ്വന്തം ചെലവിൽ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മാലിന്യങ്ങൾ പരന്ന് ഒഴുകുന്നത് തടയുന്നതിനും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള അവശിഷ്ടങ്ങൾ ലാൻഡ് ഫിൽ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ 27-ാം തീയതി ഉണ്ടായ തീപിടുത്തം ഫയർഫോഴ്സിന്റെ സഹായത്തോടെ നിയന്ത്രണ വിധേയമാക്കിയിട്ടുണ്ട്. സ്ഥലവാസികളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. കൂടാതെ പ്ലാന്റിന് ചുറ്റും ഗ്രീൻ ബെൽറ്റ് നിർമ്മിക്കുന്നതിനും സ്ഥലം എടുക്കാനുമായി ഒരു കോടി രൂപ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. നവീകരണത്തിനാവശ്യമായ തുകയുടെ 50 ശതമാനം കേന്ദ്ര സർക്കാരിന്റെ വനം-പരിസ്ഥിതി വകുപ്പിൽ നിന്നും ലഭിക്കും. ഇതിന് രണ്ടുകോടി രൂപ മുടക്കിക്കഴിഞ്ഞു. മാലിന്യ സംസ്കരണ പ്ലാന്റിന്റെ നവീകരണം ആറുമാസത്തിനുള്ളിൽ പൂർത്തിയാകുമെന്ന് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. അഴുക്കുചാൽ സംസ്കരണത്തിന് പ്രോജക്ട് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 4-2-06-ന് കോഴിക്കോട് കളക്ടർ വിളിച്ചുചേർത്ത യോഗതീരുമാനപ്രകാരം പഴയ മാലിന്യ കൂമ്പാരം നീക്കുന്നതിന് കമ്പനി വിളിക്കുന്നതാണ് അതിൽതന്നെ 10 ലോഡ് ഉടൻ മാറ്റാൻ നടപടി സ്വീകരിക്കും.

(4) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ഇലക്ട്രിസിറ്റി ബോർഡിനെ ഏല്പിച്ച പണികൾ ആരംഭിക്കുന്നത് സംബന്ധിച്ച്

<u>ശ്രീ. കളത്തിൽ അബ്ദുള്ള:</u> സർ, കേരളത്തിലെ ഏറ്റവും വലിയ നിയോജകമണ്ഡലങ്ങളിലൊന്നാണ് മണ്ണാർക്കാട് നിയോജകമ്ഡലം. ഇനിയും വൈദ്യുതി എത്താത്ത നൂറുകണക്കിന് ഗ്രാമങ്ങൾ എന്റെ നിയോജകമണ്ഡലത്തിന്റെ സവിശേഷതയായ ഒരു പ്രത്യേകതയാണ്. എം. എൽ. എ. ഫണ്ട് ഞാൻ ഡെപ്പോസിറ്റ് ചെയ്തത് കൂടുതലും വൈദ്യുതിക്കാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഏറ്റവും കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്പോസിറ്റ് ചെയ്തത് ഞാനാണ്. ദൗർഭാഗ്യകരമെന്നുപറയട്ടെ, ഒന്നരക്കൊല്ലംമുമ്പ് നിർദ്ദേശങ്ങൾ സമർപ്പിച്ച പല സ്കീമുകളും തുടങ്ങാനുള്ള പല സാങ്കേതികത്വങ്ങളും അതുപോലെതന്നെ ഫയലുകളുടെ ചലനമില്ലായ്മയുമൊക്കെ കാരണം ഇന്ന് നൂറു കണക്കിന് വൈദ്യുതി ലൈനുകൾ വലിക്കുന്നത് പെൻഡിങ്ങായി കിടക്കുകയാണ്. സത്യത്തിൽ പണം നിക്ഷേപിച്ച എം. എൽ. എ. മാർക്കെതിരായിട്ട് ജനങ്ങൾ തിരിയുന്ന സാഹചര്യം വൈദ്യുതി ബോർഡിന്റെ പ്രവർത്തനംമൂലമുണ്ടായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പി. പി. എസ്.നാണ് ഇപ്പോഴും പ്രയോറിറ്റി കൊടുക്കുന്നത്. പിന്നീട് പ്ലാ. പി. ഫണ്ടിനാണ്. പിന്നീടാണ് എം. എൽ. എ. ഫണ്ടിന് കൊടുക്കുന്നത്. അതു കൊണ്ട് എല്ലാ പ്രയോറിറ്റികളും മാറ്റിവച്ച് എം. എൽ. എ. മാർ നിക്ഷേപിച്ച എസ്. ടി. എഫി-ന്റെ വർക്കുകൾ മാർച്ച് മാസം 31-ാം തീയതിക്കകം പൂർത്തികരിക്കണമെന്നുള്ള നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും ബന്ധപ്പെട്ടവർക്ക് കൊടുക്കണം. ബഹുമാന്യനായ പിണറായി വിജയന്റെ കാലത്ത് കെട്ടിവെച്ച മിനിമം ഗ്യാരണ്ടി വർക്ക് ആർ. ജി. ജി. വി. വൈ. ആയി കൺവർട്ടുചെയ്തത്, ഇപ്പോഴും പാലക്കാട് ജില്ലയിൽ ഒരു സ്കീമും ഉൽഘാടനം ചെയ്തിട്ടില്ല. ഈ കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ഒരു വ്യക്തമായ ഉറപ്പു നൽകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ഊർജ്ജവകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മണ്ണാർക്കാട് എം. എൽ. എ. വളരെയധികം പണം ഇലക്ട്രിഫിക്കേഷനുവേണ്ടി അടയ്ക്കുന്നുണ്ട്. 2004-05-ൽ 86 വർക്കുകൾക്ക് 47.8 ലക്ഷം രൂപ അദ്ദേഹം അടച്ചിട്ടുണ്ട്. 86 വർക്കും പൂർത്തികരിച്ചു കഴിഞ്ഞു. പിന്നീട് അദ്ദേഹം 2005-2006-ൽ, ഈ വർഷം 162 വർക്കുകൾക്ക് 78.53 ലക്ഷം രൂപ കെട്ടിവെച്ചു അതിൽ 8.41 ലക്ഷം രൂപയുടെ 25 വർക്കുകൾ ഇതിനകം തീർന്നിട്ടുണ്ട്. 2005-06-ൽ 19.71 ലക്ഷം രൂപയ്ക്കുള്ള 44 വർക്കുകൾക്ക് അടച്ചു. 44 വർക്കുകൾ വിവിധ ഘട്ടങ്ങളിൽ നടന്നു വരുന്നു. 23-11-2005 മുതൽ, മൂന്നുമാസം മുമ്പ് അടച്ച 48.45 ലക്ഷം രൂപ അടങ്കലുള്ള 93 വർക്കുകൾ ടെണ്ടർ ചെയ്തുകഴിഞ്ഞു. ഇതാണ് പൊസിഷൻ. സത്യം പറഞ്ഞാൽ എന്റെ കോൺസ്റ്റിറ്റുവൻസിയേക്കാൾ അധികമാണ്. പിന്നീട് ഒരു കാര്യം പറയാനുള്ളത്, വേറെയും ചില എം. എൽ. എ. മാരൊക്കെ ഇതു പോലെ പണം അടക്കുന്നുണ്ട്. മെറ്റീരിയൽസിന്റെ കുറച്ച് കുറവുണ്ട്. അത് തീർക്കുവാൻവേണ്ടി കുറെ നടപടികൾ കൈക്കൊണ്ടു. പ്രത്യേകിച്ച് കണ്ടക്ടർ (കമ്പി) ലഭിക്കുന്നതിനുവേണ്ടി ട്രാൻകോ കേബിളിന് 11 കോടി രൂപ അഡ്വാൻസ് ചെയ്തു. അത് പബ്ലിക് സെക്ടറാണ്. അവരുടെ പ്രൊഡക്ഷൻ ഡബിൾ ചെയ്ത് മുഴുവൻ വാങ്ങിക്കൊണ്ടിരിക്കുകയാണ്. അതുപോലെ പോസ്റ്റിന്റെ കാര്യത്തിലും കുറച്ച് കൂടുതൽ ടെണ്ടർ ചെയ്തു. പുതിയ പ്രൊഡ് കാസ്റ്റിംഗ് യൂണിറ്റ് ഒരു പന്ത്രണ്ടെണ്ണം ഉദ്ഘാടനംചെയ്തിട്ടുണ്ടെങ്കിലും മൂന്ന് നാലെണ്ണത്തിന്റെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. മെറ്റീരിയൽസിന്റെ പ്രോബ്ലം തീർന്നുവരികയാണ്. എന്നാലും പൂർണ്ണമായിട്ടില്ല. ചെറിയ ചില സാധനങ്ങൾ ആവശ്യമായി വന്നിട്ടുണ്ട്. ഡെപ്യൂട്ടി സി. ഇ. മാരോട് ലോക്കലായി വാങ്ങി, ഉടൻ കണക്ഷൻ നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. മാരോ സി. ഇ.യ്ക്കും 50 ലക്ഷം രൂപയുടെ മാന്ധറിന്

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകമായ അനുവാദം നൽകിയിട്ടുണ്ട്. മെമ്പർ ഇവിടെ പറഞ്ഞ കാര്യം കുറെയൊക്കെ ശരിയാണ്. പക്ഷെ മറ്റു പല കോൺസ്റ്റിറ്റുവൻസികളെയും അപേക്ഷിച്ച് അദ്ദേഹത്തിന്റെ കോൺസ്റ്റിറ്റുവൻസി ഭേദമാണ്. എന്നാലും കുറച്ച് പെന്റിംഗ് ഉണ്ട്. ..... മേഘനനും കുറച്ച് പണം അടയ്ക്കുന്ന കൂട്ടത്തിലാണ്. എപ്പോഴും വിളിക്കുകയും ചെയ്യും. ഇതുപോലെ തന്നാൽ ഡേറ്റയച്ച് കാര്യങ്ങൾ പറയാം. ..... ചന്ദ്രനൊന്നും പണം അടയ്ക്കുന്നില്ല. ..... (ബഹളം) ..... പണം അടയ്ക്കുന്നവർക്കല്ലേ കൊടുക്കുക. ..... സർ, ഇങ്ങനെ ചെയ്താൽ എന്തുചെയ്യും?

മി. സ്പീക്കർ: ഓരോരുത്തർ ഓരോ പ്രോജക്ട് കൊണ്ടുവരും. അത്രയല്ലേ പറഞ്ഞിട്ടുള്ളൂ.

ശ്രീ. ആര്യാടൻ മുഹമ്മദ്: ..... (ബഹളം) ..... അത് എങ്ങനെ? ഇവിടെ ആൻസർ ചെയ്താൽ വേറെ ചോദിക്കുന്നത് എങ്ങനെ? ചന്ദ്രൻ പണം അടച്ചിട്ടുണ്ട് എങ്കിൽ ഇതുപോലെ ചോദ്യം ചോദിക്കുകയോ സബ്മിഷൻ തരുകയോ ചെയ്താൽ ഇതുപോലെ ഉത്തരം തരും. അല്ലാതെ സർ, ... മണ്ണാർക്കാടിന്റെ കാര്യം ചോദിച്ചാൽ ചന്ദ്രന്റെ കോൺസ്റ്റിറ്റുവൻസിക്ക് മറുപടി പറയുമോ? മണ്ണാർക്കാടിന്റെ ചോദിച്ചാൽ മണ്ണാർക്കാടിന് ഉത്തരം പറയും. അദ്ദേഹം ചോദിച്ച ഒരു കാര്യം പ്രധാനപ്പെട്ടതാണ്. 1-4-2005-നു ശേഷം വൈദ്യുതി കണക്ഷൻ ലഭിക്കുന്ന ആളുകളാരും മിനിമം ഗ്യാരണ്ടി ചാർജ്ജ് കൊടുക്കേണ്ടതില്ലെന്ന തീരുമാനമെടുത്ത് നടപ്പാക്കിവരികയാണ്. മിനിമം ഗ്യാരണ്ടി വർക്കു മുഴുവൻ ഇപ്പോൾ അറേഞ്ച് ചെയ്തു കഴിഞ്ഞു. ഈയിടെ കേരളകത്ത് ഉദ്ഘാടനം ചെയ്തത് 995-ലെ മിനിമം ഗ്യാരണ്ടിവച്ചവർക്കാണ്. അതിനേക്കാളുമൊക്കെ എത്ര ബെറ്ററാണ് മണ്ണാർക്കാട് കോൺസ്റ്റിറ്റുവൻസി. അതുകൊണ്ട് ഇനിയും കുറെ സ്ഥലങ്ങളിൽ മിനിമം ഗ്യാരണ്ടിയുണ്ട്. ചന്ദ്രന്റെ കോൺസ്റ്റിറ്റുവൻസി കാണും. വേറെ എന്റെ കോൺസ്റ്റിറ്റുവൻസിയുണ്ട്. അതെല്ലാം പരമാവധി വേഗതയിൽ ചെയ്യാൻ ശ്രമിക്കും. ഇലക്ട്രിസിറ്റിയുടെ കുറച്ച് കുറവുണ്ട്. അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കും.

(5) പരവൂർ സ്റ്റേഷന്റെ പ്രവർത്തനം

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : കൊല്ലം ജില്ലയിലെ രണ്ട് മുനിസിപ്പൽ പട്ടണങ്ങളിലൊന്നാണ് എന്റെ മണ്ഡലത്തിലെ പരവൂർ. രണ്ടുമൂന്ന് തവണയായി ഇവിടെ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള എ. എസ്. പുതുക്കിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും ഒടുവിൽ 2003-ൽ എ. എസ്. കിട്ടിയിട്ട് ഇപ്പോൾ ഇതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല. ഇതിനുവേണ്ടി ഇതിന്റെ ഉദ്യോഗസ്ഥന്മാർ വന്നപ്പോഴെല്ലാം എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതിന് മുനിസിപ്പാലിറ്റി സമ്മതിച്ചിട്ടുള്ളതും അത് അനുസരിച്ച് അവർ കെട്ടിടങ്ങളെടുത്തിട്ടുള്ളതുമാണ്. കേരളത്തിലെ ഏറ്റവും വലിയ എൽ. പി. ജി. ബോട്ട്‌ലിങ് പ്ലാന്റ് ഇപ്പോഴും കൊച്ചി കഴിഞ്ഞാൽ പാരിപ്പള്ളിയിലാണ് പ്രവർത്തിക്കുന്നത്. എന്തെങ്കിലും അത്യാഹിതമുണ്ടായാൽ കൊല്ലത്തുനിന്നും 25, 26

LIBRARY ARCHIVES Kerala Legislative Assembly

കി.മീ. സഞ്ചരിച്ചുവേണം അവിടെ ഫയർ എഞ്ചിൻ എത്തിക്കുവാൻ. മുനിസിപ്പൽ പട്ടണത്തിൽ ഒരു മുനിസിപ്പാലിറ്റി എല്ലാ സൗകര്യങ്ങളും ചെയ്ത് കൊടുക്കാമെന്ന് ഏറ്റിട്ടും ഇതുവരെ അതിന്റെ പ്രവർത്തനം ആരംഭിക്കാതിരിക്കുന്നതുകൊണ്ട് എത്രയും പെട്ടെന്ന് ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ഞാൻ ഫയർ സർവ്വീസിന്റെ ഡയറക്ടറുമായി സംസാരിച്ചപ്പോൾ ഗവൺമെന്റ് സ്റ്റാഫുകളെ നിയമിക്കാത്തതു കൊണ്ടാണ് ആരംഭിക്കാത്തത് എന്നാണ് ഡയറക്ടർ ജനറൽ പറയുന്നത്. എത്രയും പെട്ടെന്ന് സ്റ്റാഫുകളെ നിയമിച്ച് പരവൂരിൽ ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാൻ നിർദ്ദേശം നൽകണമെന്നാണ് എന്റെ ആവശ്യം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : പരവൂരിൽ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് മുൻഗണനാ ക്രമത്തിൽ അഞ്ചാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്. മുനിസിപ്പാലിറ്റി സ്ഥലം തരാമെന്ന് പറഞ്ഞു. സ്ഥലം ഇതുവരെ കൈമാറിയിട്ടില്ല. ഇപ്പോൾ കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും ചെയ്യാമെന്ന് പറയുന്നുണ്ട്. ഇതുവരെ ചെയ്തിട്ടില്ല. അത് ചെയ്തുകഴിഞ്ഞാൽ ഫയർ സ്റ്റേഷൻ തുടങ്ങുന്ന കാര്യം അടിയന്തിരമായി പരിശോധിക്കാം.

(6) വിഴിഞ്ഞം മറൈൻ അക്വേറിയവും അനുബന്ധ സ്ഥാപനങ്ങളും അടുച്ചുപൂട്ടാനുള്ള നീക്കം

ഡോ. എ. നീലലോഹിതദാസൻ നാടാർ : 1951-ൽ പ്രവർത്തനമാരംഭിച്ച സി. എം. എഫ്. ആർ. ഐ.-യുടെ വിഴിഞ്ഞം ഗവേഷണ കേന്ദ്രത്തിന് ഇപ്പോൾ മൂന്ന് ഘടകങ്ങളുണ്ട്. ഗവേഷണ കേന്ദ്രം, പരീക്ഷണശാല, മറൈൻ അക്വേറിയം. കേരളത്തിന്റേയും ഇന്ത്യയുടേയും സമഗ്രമായ സാമ്പത്തിക വിദ്യാഭ്യാസ വികസനത്തിന് ഉതകുന്ന ഒരു പ്രധാന കേന്ദ്രമായി സി. എം. എഫ്. ആർ. ഐ.-യുടെ വിഴിഞ്ഞം യൂണിറ്റ് മാറിക്കഴിഞ്ഞിട്ടുണ്ട്. വിഴിഞ്ഞം തീരവുമായി ബന്ധമുള്ള സമുദ്രജലം കൂടുതൽ ഉൽപ്പാദനക്ഷമതയുള്ളതാണെന്നാണ് ഇത് സംബന്ധിച്ച ഗവേഷണ പഠനങ്ങൾ വെളിപ്പെടുത്തിക്കൊണ്ട് വന്നിട്ടുള്ളത്. വളരെയധികം വാണിജ്യ പ്രാധാന്യമുള്ള മത്സ്യ ഇനങ്ങൾ, ഷെൽ മത്സ്യങ്ങൾ, അലങ്കാര മത്സ്യങ്ങൾ എന്നിവയടങ്ങുന്ന മറൈൻ വൈവിധ്യങ്ങളുടെ ഒരു കലവറയായിട്ടാണ് വിഴിഞ്ഞം തീരത്തുള്ള സമുദ്രപ്രദേശം കണക്കാക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ മറൈൻ ബയോളജിയുമായി ബന്ധപ്പെട്ട ചില പ്രധാന ഗവേഷണം, ഇന്ത്യയുടെ മറ്റൊരു ഭാഗത്തും നടക്കാൻ സാധ്യതയില്ലാത്തത്, വിഴിഞ്ഞത്തു മാത്രമേ നടത്താൻ കഴിയുകയുള്ളൂ. സൗത്ത് ആസ്ട്രേലിയൻ അക്വാട്ടിക് സയൻസ് ഡിവിഷനുമായി സി. എം. എഫ്. ആർ. ഐ.യുടെ വിഴിഞ്ഞം കേന്ദ്രം ഒരു സംയുക്ത പ്രോജക്ട് സംബന്ധിച്ച നിർദ്ദേശം ഇതിനകംതന്നെ മുപ്പെടുത്തിയിട്ടുണ്ട്. വിദേശീയരും തദ്ദേശീയരുമായ ധാരാളം സന്ദർശകരെ ആകർഷിച്ചുകൊണ്ടിരിക്കുന്നതാണ് അറിടുത്തെ മറൈൻ അക്വേറിയം. മറൈൻ സാങ്കേതിക വിദ്യയിൽ സാമൂഹികവും സാമ്പത്തികവും പരിസ്ഥിതിപരവുമായ ധാരാളം ഗവേഷണ പ്രവർത്തനങ്ങൾ അവിടെ നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ അടുത്ത കാലത്തായി സംസ്ഥാന ഗവൺമെന്റ് ഒരു ഏക്കർ എഴുപത് സെന്റ് സ്ഥലം സി. എം. എഫ്. ആർ. ഐ.-യുടെ വിഴിഞ്ഞം യൂണിറ്റിനുവേണ്ടി നൽകിക്കഴിഞ്ഞിട്ടുണ്ട്. സി. പി. ഡബ്ല്യു. ഡി. അവിടെ കെട്ടിടം നിർമ്മിക്കുന്നതിനെ സംബന്ധിച്ച് ഒരു പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഈ ഒരു പശ്ചാത്തലത്തിലാണ് ഇതുകഴിഞ്ഞാലെ 20-4-2004-ൽ ഇന്ത്യയിൽ പാർലമെന്റ് തെരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ, ആരുമറിയാതെ ഒരു ഉത്തരവ്, ഐ. സി. എ. ആർ. ഈ കേന്ദ്രം മണ്ഡപത്തേക്ക് മാറ്റുന്നതിനുവേണ്ടി പുറപ്പെടുവിച്ചത്. രാഷ്ട്രീയ മരണ നേതൃത്വത്തിൽപ്പെട്ട ആരും ശ്രദ്ധിക്കാൻ സാധ്യതയില്ലാത്ത സമയത്തായിരുന്നു അത് പുറപ്പെടുവിച്ചത്. അത് മാറ്റാനുള്ള നീക്കമുണ്ടായപ്പോൾ, നിയമസഭാസാമാജികനെന്നുള്ള നിലയിൽ ഞാനും അന്ന് എം. പി. ആയിരുന്ന പി. കെ. വിയും അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണിയും അതിൽ ഇടപെടുകയും 20-4-2004-നെ അടിസ്ഥാനപ്പെടുത്തിയുള്ള ആ നടപടികൾ നിർത്തിവയ്ക്കുകയും ചെയ്തു. ഇപ്പോൾ വീണ്ടും അത് തുടങ്ങിയിരിക്കുകയാണ്. അടിയന്തിരമായി സംസ്ഥാന ഗവൺമെന്റ് ഇതിൽ ഇടപെടുകയും പ്രധാനമന്ത്രിയുമായും കേന്ദ്ര കൃഷിമന്ത്രിയുമായും സംസാരിക്കുകയും ചെയ്തതുകൊണ്ട്, 20-4-2004-ൽ ഇതുസംബന്ധിച്ച് ഐ. സി. എ. ആർ. ഡയറക്ടർ ജനറലിന്റെ നിർദ്ദേശം പിൻവലിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇന്നലേയും ഇന്നും ചില പത്രവാർത്തകൾ വന്നു. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ഡൊമനിക് പ്രസന്റേഷൻ, ആ മറൈൻ അക്വേറിയം ഏറ്റെടുത്തുനടത്താൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാണെന്ന് പ്രഖ്യാപിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഇത് കേവലമൊരു മറൈൻ അക്വേറിയത്തിന്റെ പ്രശ്നമല്ല. സി. എം. എഫ്. ആർ. ഐയുടെ വിഴിഞ്ഞത്തെ വളരെ പ്രധാനപ്പെട്ട,-ഇന്ത്യക്കും കേരളത്തിനും ഗുണം ചെയ്യുന്ന ഒരു യൂണിറ്റ്, ശക്തമായി നിലനിർത്തിക്കൊണ്ട് പോയ ഏരിയയിൽ തന്നെ ഒരു ഗവേഷണ കേന്ദ്രമാക്കി ഇതിനെ നിലനിർത്തേണ്ടത് ആവശ്യമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ഇത് അങ്ങനെ ഏറ്റെടുത്ത് നടത്തേണ്ട കാര്യമില്ല. കേന്ദ്ര ഗവൺമെന്റിന്റെ ഐ. സി. എ. ആർ. ഇന്ന് സി. എം. എഫ്. ആർ. ഐ.യുടെ കീഴിൽ തന്നെ ഈ കേന്ദ്രം തുടർന്നും മുമ്പോട്ട് കൊണ്ടുപോകുന്നതിന് സംസ്ഥാന ഗവൺമെന്റ് ശക്തമായി ഇടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്തുതന്നെ ഇത് നിർത്തലാക്കുന്നതാണ് എന്ന് സംസ്ഥാന ഗവൺമെന്റിനെ അറിയിക്കുകയും അതിനെതിരായി അന്ന് ശ്രീ. എ. കെ. ആന്റണി തന്നെ ശക്തിയായി അതിനെ എതിർത്തുകൊണ്ട്, നിർത്താൻ പാടില്ലെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തെഴുതുകയും ചെയ്യുകയുണ്ടായി. അന്ന് അദ്ദേഹത്തിനു കിട്ടിയ മറുപടി, ഇത് ചർച്ച ചെയ്തതിനുശേഷം മാത്രമേ തീരുമാനിക്കുകയുള്ളു

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇത് നിർത്തിവച്ചുകൊണ്ട് ഒരു ഉത്തരവും വന്നിട്ടില്ല. പക്ഷേ ഇപ്പോൾ അത് മാറ്റുന്നതിനുള്ള പ്രൊപ്പോസലുമായി മുന്നോട്ടുപോകുകയാണ് എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി ശ്രീ. ശരത് പവാറിന് കത്തയച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പുമന്ത്രിയും പ്രത്യേകമായി അദ്ദേഹത്തിന് കത്തയച്ചിട്ടുണ്ട്. ഇതിനെല്ലാം പുറമെ എം. പി.മാരുടെ കോൺഫറൻസിൽ ഇതൊരു പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തി, നമ്മുടെ എം. പി.മാരോട് ശക്തമായി വാദിച്ച് അതവിടെ പിടിച്ചുനിർത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ആ എം. പി.മാരിൽ ഗവൺമെന്റിന് പൂർണ്ണ വിശ്വാസമുണ്ട്. അവർ തീർച്ചയായും ഇത് നമുക്ക് നേടിത്തരും. ഗവൺമെന്റും ഇതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകും.

(7) ഈരാറ്റുപേട്ട കേന്ദ്രമാക്കി പുഞ്ഞാർ താലൂക്ക് രൂപീകരണം

<u>ശ്രീ. പി. സി. ജോർജ്</u> : സർ, 1996-01 കാലഘട്ടത്തിൽ അധികാരത്തിലിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിൽ നായനാർ സർക്കാരിന്റെ കൃാബിനറ്റ് 16 താലൂക്കുകൾ രൂപീകരിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു. ..... (ബഹളം) .....

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട മെമ്പർമാർ കുറച്ചുകൂടി അച്ചടക്കം പാലിക്കണം. ഒരു അച്ചടക്കവുമില്ലാതെ പോകുന്നത് കഷ്ടമാണ്.

<u>ശ്രീ. പി. സി. ജോർജ്</u> : ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കൃാബിനറ്റാണ് 16 താലൂക്കുകൾ രൂപീകരിക്കാൻ തീരുമാനിച്ചത്. റൂൾ 300 അനുസരിച്ച് അന്നത്തെ റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. ഇ. ഇസ്മയിൽ നിയമസഭയിൽ പ്രസ്താവന നടത്തുകയും ചെയ്തു. ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചു. ആ 16 താലൂക്കുകളിൽ ഒരെണ്ണം ഈരാറ്റുപേട്ട കേന്ദ്രമാക്കിയുള്ള പുഞ്ഞാർ താലൂക്കാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം, ഞാൻ ഈ സഭയിൽ പുഞ്ഞാർ താലൂക്കിന്റെ രൂപീകരണത്തെ സംബന്ധിച്ച് സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഈ സഭയിൽ പറഞ്ഞത്, ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ സാമ്പത്തിക നില അനുവദിക്കുന്നില്ല, സാമ്പത്തികനില ഭദ്രമാകുമ്പോൾ ഈ കാര്യങ്ങൾ ആലോചിക്കുന്നതാണ് എന്നാണ്. ഇപ്പോൾ 28,000 കോടി രൂപയാണ് എ. ഡി. ബി.യിൽ നിന്നും കടമെടുത്തിരിക്കുന്നത്. അത് എന്തിനുവേണ്ടി ചെലവഴിച്ചു എന്ന് നമുക്കാർക്കും അറിയില്ല. അങ്ങനെ പണത്തിന് ഒരു ബുദ്ധിമുട്ടുമില്ലാത്ത ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നാട്ടിലെ റോഡുകൾക്കുവേണ്ടി കോടിക്കണക്കിന് രൂപ വെറുതെ കൊടുത്തുകൊണ്ടിരിക്കുകയാണ്. എം. എൽ. എ.യുടെ കത്തുവേണമെന്നുള്ള നിയമമൊക്കെ മാറ്റിവച്ചുകൊണ്ട് ഇപ്പോൾ വേറെയാരുടേയോ കത്തിന്റെ അടിസ്ഥാനത്തിൽ വെറുതെ പണം കൊടുക്കുകയാണ്. ഇത്രയും പണം വെറുതെയുള്ളപ്പോൾ ഈരാറ്റുപേട്ട കേന്ദ്രമായിട്ടുള്ള, പുഞ്ഞാർ താലൂക്കുൾപ്പെടെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പ്രഖ്യാപിച്ച, കമ്മീഷൻ

LIBRARY.ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

റവ്വ, കാബിനറ്റ് തീരുമാനിച്ച റൂൾ 300 അനുസരിച്ച്, സഭയിൽ പ്രസ്താവന നടത്തിയ, അന്നത്തെ റവന്യൂ മന്ത്രി പ്രഖ്യാപിച്ച, ആ പതിനാറ് താലൂക്കുകൾ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. പ്രത്യേകിച്ച് ഈരാറ്റുപേട്ട കേന്ദ്രമാക്കി പുഞ്ചാർ താലൂക്ക് രൂപീകരിച്ചു എന്ന് ഒരു അംഗീകാരമുണ്ടാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. മീനച്ചിൽ താലൂക്കിൽ എന്ത് നടന്നാലും അതിന്റെ എല്ലാം പിതൃത്വം എപ്പോഴും ഏറ്റെടുക്കുന്ന അങ്ങേയ്ക്ക് ഇതിന്റെ പിതൃത്വം നൽകുന്നതിൽ എനിക്ക് ഒരു മടിയുമില്ല. അതുകൊണ്ട് അങ്ങ് ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇതിന്റെ പിതൃത്വം ശ്രീ. പി. സി. ജോർജ് ഏറ്റെടുക്കുന്നതിൽ എനിക്ക് ഒരു വിഷമവുമില്ല. പിന്നെ ഇക്കാര്യം ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ചത്, ഞാൻ മറ്റെന്തോ നടത്തുന്നു എന്നുള്ള ഉദ്ദേശത്തോടുകൂടിയാണെന്ന് തോന്നുന്നു. അങ്ങനെയൊന്നുമില്ല; എനിക്ക് താൽപ്പര്യമുള്ള വിഷയമാണിത്. പക്ഷേ ഒരു അബദ്ധം പറ്റി എന്ന് പറഞ്ഞാൽ മതിയല്ലോ. കല്യാണമൊക്കെ റെഡിയാക്കി പള്ളിയിൽ ചെന്നപ്പോൾ താലി എടുത്തില്ല എന്ന് പറഞ്ഞതുപോലെയാണ് പുഴയ്ക്ക താലൂക്കിന്റെ കാര്യം. പുഴയ്ക്ക താലൂക്കെന്ന് പറഞ്ഞ് 16 എണ്ണം ഗവൺമെന്റ് തീരുമാനിച്ചു. പക്ഷേ ഹെഡ്ക്വാർട്ടേഴ്സ് എവിടെയാണെന്ന് പറഞ്ഞില്ല. അതിന്റെ വില്ലേജുകൾ എവിടെയാണെന്ന് തീരുമാനിച്ചില്ല. പ്രിലിമിനറിയായിട്ട് വർത്തമാനം പറഞ്ഞിട്ടുപോയതല്ലാതെ അത് സംബന്ധിച്ച് ഒന്നും നടന്നിട്ടില്ല. 2001-ലെ ഹൈക്കോടതിയിലെ കേസ്സിൽ തന്നെ പറഞ്ഞിരിക്കുന്നത് This is only in preliminary stage. The details of the headquarters of the new Taluks, the Villages are to be included in the new Taluks are yet to be decided, Government to be completed certain formalities before issuing notification. നോട്ടിഫിക്കേഷൻപോലും ഇറക്കാൻ കഴിയാത്ത നിലയിലുള്ള വെറും ഒരു ആഗ്രഹപ്രകടനം മാത്രമാണ് ഈ 16 താലൂക്കുകൾ എന്നു പറയുന്നത്. ഇങ്ങനെ ഏതെങ്കിലുമൊരു ഗവൺമെന്റ് ചെയ്യുമോ? ഈ ഗവൺമെന്റ് അങ്ങനെ ചെയ്തില്ല. ചെയ്യുമ്പോൾ വളരെ മാന്യമായി, നടപടിക്രമങ്ങളൊക്കെ പൂർത്തിയാക്കി ചെയ്യും. ബഹുമാനപ്പെട്ട പി. സി. ജോർജ്, ഇപ്പോൾ നിയമസഭ കഴിയാറായ ഈ സന്ദർഭത്തിൽ പുഞ്ചാർ താലൂക്കിനു വേണ്ടിയുള്ള വലിയ ആവേശപ്രകടനം നല്ലതാണ്. ഞാൻ ഒരു കാര്യം ചെയ്തു. വൺ മാൻ കമ്മീഷനെ നിയമിച്ചു. സാങ്കേതിക ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് നടക്കില്ല എന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല. പ്രസംഗിക്കുമ്പോൾ പറയാറുണ്ട്, സാങ്കേതിക ബുദ്ധിമുട്ടുകാരണം ഒരുപാട് താലൂക്കുകൾ അനുവദിക്കാൻ പറ്റില്ല എന്ന്. ഈരാറ്റുപേട്ട കേന്ദ്രമാക്കി പുഞ്ചാർ താലൂക്ക് അനുവദിക്കാൻ പറ്റില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഇതിനകത്തുള്ള ഒരു ബുദ്ധിമുട്ടെന്ന് പറയുന്നത്, വൺമാൻ കമ്മീഷനെ നിയമിച്ചതാണ്. ആ വൺമാൻ കമ്മീഷന്റെ റിപ്പോർട്ട് വരുമ്പോൾ മാത്രമേ എന്തെങ്കിലും നടപ്പിലാക്കാൻ കഴിയൂ. ഞാനും ഇപ്പോൾ വലിയ ധർമ്മസങ്കടത്തിലാണ്. എനിക്കും ധാരാളം താലൂക്കുകൾ വേണമെന്ന് ആഗ്രഹമുണ്ട്. ആ

റിപ്പോർട്ടിൽ ഇന്ററിം ആയിട്ടുള്ള ചില ശുപാർശകൾ വന്നിട്ടുണ്ടെന്നുള്ളതല്ലാതെ ഒരു ഫൈനൽ റിപ്പോർട്ട് വന്നിട്ടില്ല. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അത് വരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അങ്ങനെ വരികയാണെങ്കിൽ അതിന്മേൽ തീരുമാനമെടുക്കുമ്പോൾ, നമുക്ക് രാഷ്ട്രീയമൊന്നും ഇതിൽ വേണ്ട, നമ്മുടെ നാടാണ് പ്രധാനം. ഇതിൽ ന്യായയുക്തമായ ഒരു തീരുമാനം തീർച്ചയായും ഗവൺമെന്റിൽനിന്നും പ്രതീക്ഷിക്കാം.

V. മേശപ്പുറത്തുവച്ച കടലാസുകൾ

I. ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

1. ദി കേരള ഫൊലോണിയസ് ആക്ടിവിറ്റീസ് (പ്രിവൻഷൻ) ഓർഡിനൻസ് 2005 (ഓർഡിനൻസ് നമ്പർ 21 ഓഫ് 2005)
2. ജി. ഒ. (ആർടി.) നമ്പർ 2150/01/ഹോം. തീയതി 29-6-2001 (എസ്. ആർ. ഒ. നമ്പർ 854/01) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
3. ജി. ഒ. (പി.) നമ്പർ 279/03/ജി.എ.ഡി. തീയതി 17-9-2003 (എസ്. ആർ. ഒ. നമ്പർ 878/03) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
4. ജി. ഒ. (പി.) നമ്പർ 14/05/ഇ.ഒ.പ.വ. തീയതി 3-5-2005 (എസ്. ആർ. ഒ. നമ്പർ 465/05) (ഇംഗ്ലീഷ് പതിപ്പ് ഉൾപ്പെടെ) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
5. നമ്പർ 8779/05/ഇ.ഒ.പ.വ. തീയതി 26-7-2005 (എസ്. ആർ. ഒ. നമ്പർ 465/05-ന്റെ തിരുത്ത്)
6. ജി. ഒ. (ആർടി.) നമ്പർ 1455/05/ഹോം. തീയതി 13-6-2005 (എസ്. ആർ. ഒ. നമ്പർ 647/05) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
7. ജി. ഒ. (ആർടി.) നമ്പർ 1537/05/ഹോം. തീയതി 15-6-2005 (എസ്. ആർ. ഒ. നമ്പർ 682/05) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
8. ജി. ഒ. (ആർടി.) നമ്പർ 1782/05/ഹോം. തീയതി 18-7-2005 (എസ്. ആർ. ഒ. നമ്പർ 693/05) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
9. ജി. ഒ. (എംഎസ്.) നമ്പർ 203/05/ഹോം. തീയതി 5-7-2005 (എസ്. ആർ. ഒ. നമ്പർ 701/05) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
10. നോട്ടിഫിക്കേഷൻ നമ്പർ 24507/എസ്.എസ്.എ.2/03/ഹോം. തീയതി 6-8-2005 (എസ്. ആർ. ഒ. നമ്പർ 766/05) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

LIBRARY ARCHIVES Kerala Legislative Assembly